# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 697** **29/11/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ :** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (ബി) | കേരള ബാങ്ക് എന്ന് നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | റിസർവ് ബാങ്കിന്റെ അന്തിമ അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ബാങ്ക് പ്രവർത്തനം ആരംഭിക്കും. |
| (സി) | കേരള ബാങ്ക് സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് എന്തൊക്കെ പങ്ക് വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | സഹകരണ മേഖലയെ ശക്തിപ്പെടുത്തി കേരളത്തിന്റെ സർവ്വതോൻമുഖമായ വികസനത്തിന് വേണ്ടി പങ്ക് വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ